**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3919** **27-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജിലെ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് കേന്ദ്ര-സംസ്ഥാന വിഹിതം 6.85 കോടി രൂപയാണ്. പ്രവൃത്തി ആരംഭിക്കുന്നതിനായി പ്രസ്തുത തുകയുടെ 20% സർക്കാർ അനുമതി പ്രകാരം നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| (ബി) | നിലവിൽ ഇവിടെ എത്ര പാരാമെഡിക്കൽ കോഴ്സുകളാണ് നടത്തുന്നതെന്നും അതിനുവേണ്ടി എത്ര സ്ഥിര/താൽക്കാലിക അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | 5 പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളും 9 പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളുമാണ് ഈ കോളേജിൽ നടത്തുന്നത്. MLT കോഴ്സുകളുമായി ബന്ധപ്പെട്ട് ഒരു അധ്യാപക തസ്തിക നിലവിൽ ഉണ്ട്. |
| (സി) | നിലവിൽ പാരാമെഡിക്കൽ വിദ്യാർത്ഥികളുടെ ക്ലാസ്സുകൾ എപ്രകാരം നടന്നുവരുന്നു എന്നത് വ്യക്തമാക്കുമോ; വിദ്യാർത്ഥികളിൽ നിന്നോ അവരുടെ സംഘടനകളിൽ നിന്നോ അദ്ധ്യാപകരുടെ അപര്യാപ്തത സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | നിലവിലുള്ള പാരാമെഡിക്കൽ അധ്യാപകനുപുറമെ മെഡിക്കൽ വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന അധ്യാപകരുമാണ് പാരാമെഡിക്കൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. വിദ്യാർത്ഥികളിൽ നിന്നും ആരോഗ്യ സർവകലാശാല മാനദണ്ഡങ്ങളനുസരിച്ചുള്ള സ്ഥിരം അധ്യാപകരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട പരാതി ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |
| (ഡി) | പാരാമെഡിക്കൽ അദ്ധ്യാപകരുടെ തസ്തികകൾ സൃഷ്ടിക്കുന്നതുവരെ മെഡിക്കൽ കോളേജിലെ ഇതര പാരാമെഡിക്കൽ വിഭാഗങ്ങളിൽ ജോലി ചെയ്യുന്നവരും ആവശ്യമായ യോഗ്യതയും അദ്ധ്യാപന പരിചയവുമുള്ളവരുമായ ജീവനക്കാരെ ഉൾപ്പെടുത്തി പാരാമെഡിക്കൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതടക്കമുള്ള സാധ്യതകളെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | നിലവിലുള്ള പാരാമെഡിക്കൽ അധ്യാപകനുപുറമെ മെഡിക്കൽ വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന അധ്യാപകരുമാണ് പാരാമെഡിക്കൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. വിദ്യാർത്ഥികളിൽ നിന്നും ആരോഗ്യ സർവകലാശാല മാനദണ്ഡങ്ങളനുസരിച്ചുള്ള സ്ഥിരം അധ്യാപകരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട പരാതി ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ